"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ കേരള സംസ്ഥാനത്ത് ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനുള്ള അനുമതി നൽകികൊണ്ടും ആയതിനായുള്ള കരട് മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

G.O.(Ms)No.10/2022/SJD തീയതി,തിരുവനന്തപുരം, 03-09-2022

---

പരാമർശം:-

1. നൈജീരിയൻ സ്വദേശികളായ രണ്ട് പേർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ക്രിമിനൽ. എം. സി. 5300/2020 നമ്പർ കേസിന്മേലുള്ള 18.12.2020, 09.04.2021 എന്നീ തിയതികളിലെ ഇടക്കാല വിധികൾ.
2. 08.05.2021-ലെ സ.ഉ.(സാധാ)നമ്പർ.1352/2021/ആഭ്യന്തരം സർക്കാർ ഉത്തരവ്.
3. നൈജീരിയൻ സ്വദേശി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഡബ്ല്യൂപി (ക്രിമിനൽ) 96/2022 നമ്പർ കേസിന്മേലുള്ള 04.02.2022, 14.02.2022, 01.08.2022 എന്നീ തിയതികളിലെ ഇടക്കാല വിധികൾ.
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21/12/2021, 15/2/2022, 27/6/2022, 30/08/2022 എന്നീ തീയതികളിലെ സി1/4695/2021 നമ്പർ കത്തുകൾ
5. 31.08.2022-ലെ ഇനം നമ്പർ. 1034-ാം സംസ്ഥാന മന്ത്രിസഭാ യോഗ തീരുമാനം.

**<u>ഉത്തരവ്</u>**

അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളേയും, പാസ്സ്പോർട്ട് കാലാവധിയ്ക്ക് ശേഷവും / വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളേയും ശിക്ഷാകാലാവധി കഴിഞ്ഞോ, പരോളിലോ ജയിൽ മോചിതരാകുന്നവരും, മറ്റ് വിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ പൗരന്മാർക്ക് താൽക്കാലികമായി താമസിക്കാനുള്ള സൗകര്യത്തിനായി സംസ്ഥാനത്ത് ട്രാൻസിറ്റ് ഹോം ആരംഭിക്കണമെന്ന വിഷയത്തിൽ ബഹു. കേരള ഹൈക്കോടതി ക്രിമിനൽ. എം. സി. 5300/2020 നമ്പർ കേസിൽ പരാമർശം 1-പ്രകാരം പുറപ്പെടുവിച്ച ഇടക്കാലവിധിയിൽ താഴെ പറയുന്ന പരാമർശമുണ്ടായി.

"8) On a perusal of Annexure-R2-a it is clear that even now no detention centres are created by the State Government. I direct the Additional Chief Secretary, Home Affairs, State of Kerala to do the needful in this regard, within 6 months and file a compliance report before the Registrar General of this Court.

10. 2) The Petitioners (Two Foreign Personnels) shall be released by the Learned Magistrate based on Annexure-2 Order (Order dated 04.04.2019 in MP No. 3386/2019 of the Judicial First Class Magistrate, Chavakkad) only after a place is earmarked as Detention Centre as provided in Annexure-R2-d (Model Detention Manual issued by the Ministry of Home Affairs, Govt of India) or any other place which can be treated as temporary Detention Centre, with the consent of the State Government and Union of India, which can also be a residential house if any provided by the petitioners."

കൂടാതെ പ്രസ്തുത വിഷയത്തിൽ തന്നെ ബഹു. കേരള ഹൈക്കോടതി ഡബ്ളിയു. പി (സി.ആർ.എൽ) 96/2022 നമ്പർ കേസിൽ പരാമർശം 3-പ്രകാരം പുറപ്പെടുവിച്ച ഇടക്കാലവിധിയിൽ താഴെ പറയുന്ന പരാമർശവുമുണ്ടായി.

" Considering the relevant inputs, I am of the view that direction has to be issued to the State Authorities concerned particularly the Secretary to the Social Justice Department, to set up a Temporary Detention Centre, with more facilities than the existing one, within a period of 2 months from today. The Temporary facility to be set up in this regard shall be in conformity with the requirement in this regard as stipulated by the Central Government."

പരാമർശം 2-പ്രകാരം സംസ്ഥാന ആഭ്യന്തര വകുപ്പിനു കീഴിൽ പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ നഗരത്തിൽ സിവിൽ സ്റ്റേഷനിൽ നിന്ന് 2.5 കിലോമീറ്റർ അകലെ പൂങ്കുന്നം എന്ന സ്ഥലത്ത് വാടക കെട്ടിടത്തിൽ താൽക്കാലികമായി "ട്രാൻസിറ്റ് ഹോം" 13.05.2021 മുതൽ സംസ്ഥാനത്ത് പ്രവർത്തിപ്പിക്കുവാൻ ആരംഭിക്കുകയുമുണ്ടായി.

ആയതിന് ശേഷം മേൽപറഞ്ഞ ബഹു. കേരള ഹൈക്കോടതി ഉത്തരവുകളിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ "ട്രാൻസിറ്റ് ഹോം" സംസ്ഥാന സർക്കാരിലെ സാമൂഹിക

നീതി വകുപ്പിന് കീഴിൽ ആരംഭിക്കുന്ന നടപടികൾക്കായി ഇത്തരത്തിലുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മോഡൽ ഡിറ്റൻഷൻ മാനുവലിന്റെ അടിസ്ഥാനത്തിൽ കരട് മാർഗ്ഗരേഖ തയ്യാറാക്കി, ആയതിനോടൊപ്പം താൽക്കാലികമായി രണ്ട് ട്രാൻസിറ്റ് ഹോമുകൾ ആരംഭിക്കുന്നതിനാവശ്യമായ തുകയുടെ (3,82,40,360/- രൂപ) വിശദാംശങ്ങളും, പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകളുടെ വിശദാംശങ്ങളുമടങ്ങിയ പ്രൊപ്പോസൽ പരാമർശം 4-പ്രകാരം സാമൂഹ്യനീതി ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളേയും, പാസ്സ്പോർട്ട് കാലാവധിയ്ക്ക് ശേഷവും / വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളേയും ശിക്ഷാകാലാവധി കഴിഞ്ഞോ, പരോളിലോ ജയിൽ മോചിതരാകുന്നവരും, മറ്റു വിധത്തിൽ സംരക്ഷണം ആവശ്യപ്പെടുന്നവരുമായ വിദേശ പൗരന്മാർക്ക് താൽക്കാലികമായി താമസിക്കാനുള്ള സൗകര്യത്തിനായി പരാമർശം 2-പ്രകാരം സംസ്ഥാന ആഭ്യന്തര വകുപ്പിനു കീഴിൽ പോലീസ് വകുപ്പിന്റെ നിയന്ത്രണത്തിൽ താൽക്കാലികമായി തൃശ്ശൂർ ജില്ലയിൽ ആരംഭിച്ചിട്ടുള്ള ട്രാൻസിറ്റ് ഹോമിനു പകരമായി സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ട്രാൻസിറ്റ് ഹോം ആരംഭിക്കുന്നതിനായി അനുയോജ്യമായ കെട്ടിടം കണ്ടെത്തി, കെട്ടിടം വാടകയ്ക്ക് എടുക്കേണ്ട പക്ഷം ട്രാൻസിറ്റ് ഹോം അടിയന്തിരമായി പ്രവർത്തിപ്പിക്കേണ്ട സാഹചര്യം പരിഗണിച്ച് നിലവിലുള്ള വ്യവസ്ഥകളിൽ /മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ആദ്യം കെട്ടിടം വാടകയ്ക്ക് എടുത്ത് പ്രസ്തുത ട്രാൻസിറ്റ് ഹോം പദ്ധതി ആരംഭിക്കുന്നതിനും, പ്രസ്തുത പദ്ധതിക്കായുള്ള ചെലവ് സംസ്ഥാനത്തിന്റെ 2235-01-800-99-34-03-പ്ലാൻ എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തുന്നതിനും സാമൂഹികനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ പ്രസ്തുത ട്രാൻസിറ്റ് ഹോം നടത്തിപ്പിനായുള്ള മാർഗരേഖ (അനുബന്ധം) ഇതിനാൽ അംഗീകരിക്കുന്നതോടൊപ്പം, താഴെ പറയുന്ന തസ്തികകൾ പ്രസ്തുത ട്രാൻസിറ്റ് ഹോം പ്രവർത്തനത്തിനായി സൃഷ്ടിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടാതെ പ്രസ്തുത ട്രാൻസിറ്റ് ഹോമിലെ അന്തേവാസികളുടെ ആവശ്യത്തിനായി വിദേശ ഭാഷകളിൽ പ്രാവീണ്യമുള്ള ആൾക്കാരുടെ സേവനം ആവശ്യത്തിനുസരിച്ച് വിളിക്കാവുന്നതും ആയതിനുള്ള ചെലവ് (വിളിക്കുന്ന മുറയ്ക്ക് പകുതി ദിവസത്തിന് 1500/- രൂപ വീതം വേതനം നൽകി) സാമൂഹികനീതി വകുപ്പിന്റെ മേൽപരാമർശിച്ച പദ്ധതി ശീർഷകത്തിൽ നിന്ന്

കണ്ടെത്താവുന്നതുമാണ്. ഈ ഉത്തരവിൻ പ്രകാരം സംസ്ഥാനത്ത് സാമൂഹികനീതി വകുപ്പിന്റെ നേതൃത്വത്തിൽ ട്രാൻസിറ്റ് ഹോം ആരംഭിച്ച ശേഷം ആയതിന്റെ അടിസ്ഥാനത്തിലുള്ള നടപടി റിപ്പോർട്ട് സർക്കാരിൽ സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സമർപ്പിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | തസ്തിക | എണ്ണം | നിയമന വ്യവസ്ഥ |
|---|---|---|---|
| 1 | ഹോം മാനേജർ | 1 | സാമൂഹ്യ നീതി വകുപ്പിലെ ജില്ലാ പ്രോബേഷൻ ഓഫീസർ ഗ്രേഡ്-1 തസ്തികയക്ക് തുല്യം |
| 2 | സെക്യൂരിറ്റി ചീഫ് | 1 | പോലീസ് വകുപ്പിൽ എസ്. ഐ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ തസ്തികയ്ക്ക് തുല്യം |
| 3 | സെക്യൂരിറ്റി പേഴ്സണൽ | 3 | പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ തസ്തികയ്ക്ക് തുല്യം |
| 4 | ക്ലാർക്ക് | 1 | സാമൂഹ്യനീതി വകുപ്പിലെ ക്ലർക്ക് തസ്തികയ്ക്ക് തുല്യം |
| 5 | കെയർ ടേക്കർ | 1 | കരാർ വ്യവസ്ഥയിൽ നിയമനം |
| 6 | കുക്ക് | 1 | ദിവസവേതന വ്യവസ്ഥയിൽ നിയമനം |
| 7 | എ.റ്റി സ്റ്റാഫ് / കാഷ്യൽ സ്വീപ്പർ | 1 | ദിവസവേതന വ്യവസ്ഥയിൽ നിയമനം |
| 8 | ഗേറ്റ് കീപ്പർ | 2 | ദിവസവേതന വ്യവസ്ഥയിൽ നിയമനം |

207309/2022/C SJD

O.(Ms) No.10/2022/SJD

നൈജീരിയൻ സ്വദേശികൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ക്രിമിനൽ. എം. സി. നമ്പർ. 5300/2020, ഡബ്ള്യു. പി (സി.ആർ.എൽ) നമ്പർ. 96/2022 എന്നീ കേസ്സുകളിന്മേലുള്ള ഇടക്കാലവിധികളിലെ നിർദ്ദേശങ്ങൾ മേൽപറഞ്ഞതിൻ പ്രകാരം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RANI GEORGE

PRINCIPAL SECRETARY

പകർപ്പ് : ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)

അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആന്റ് സ്റ്റേറ്റ് പബ്ലിക് പ്രോസിക്യൂട്ടറുടെ കാര്യാലയം, എറണാകുളം (താങ്കളുടെ 29.08.2022-ലെ ഡബ്ല്യൂ.പി (ക്രിമിനൽ) 96/2022/ഡി.ജി.പി നമ്പർ കത്തിൻ പ്രകാരം)

ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആന്റ് സ്റ്റേറ്റ് പോലീസ് ചീഫ്, പോലീസ് ആസ്ഥാന കാര്യാലയം, പോലീസ് വകുപ്പ്, തിരുവനന്തപുരം. (ടി വകുപ്പിന്റെ 14.06.2022-ലെ യു.6-33367/2021/പി.എച്ച്.ക്യൂ നമ്പർ കത്ത് പ്രകാരം)

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസ്, ജയിൽ ആസ്ഥാന കാര്യാലയം, ജയിൽ വകുപ്പ്, തിരുവനന്തപുരം. (ടി വകുപ്പിന്റെ 20.01.2022-ലെ എച്ച്.സി.(ജി)-9013/2021/പി.എച്ച്.ക്യൂ നമ്പർ കത്ത് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (പരാമർശം 5-പ്രകാരം അറിവിലേയ്ക്കായി)

ആഭ്യന്തര (ജി) വകുപ്പ് (ടി വകുപ്പിന്റെ 25.02.2022-ലെ ജി.1/4

/2022/ആഭ്യന്തരം നമ്പർ കുറിപ്പ്, 11.03.2022-ലെ ജി.1/24
/2022/ആഭ്യന്തരം നമ്പർ കുറിപ്പ് എന്നിവ പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ & ഇ), കേരളം,
തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (ടി വകുപ്പിന്റെ 04.02.2022,
23.06.2022 എന്നീ തിയതികളിലെ ഡബ്ളിയു.ഡബ്ളിയു.2/11
/2022/ധന നമ്പർ കുറിപ്പ് പ്രകാരം)

നിയമ (ഒപ്പീനിയൻ. ഡി) വകുപ്പ് (ടി വകുപ്പിന്റെ 24.01.2022
-ലെ 837/ഡി.3/2022/നിയമം നമ്പർ കുറിപ്പ് പ്രകാരം)

കേരള പ്രവാസി കാര്യ (ബി) വകുപ്പ് (ടി വകുപ്പിന്റെ 11.02.2022
-ലെ ബി.2/13/2022/നോർക്ക നമ്പർ കുറിപ്പ് പ്രകാരം)

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് (ടി വകുപ്പിന്റെ 18.02.2022
-ലെ പോൾ-3/4/2022/പൊ.ഭ.വ നമ്പർ കുറിപ്പ് പ്രകാരം)

ഡയറക്ടർ, വിവര പൊതു ജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതു ജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസീദ്ധികരിക്കുന്നതിന്)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Vipin.s.d.**
**Date: 05-09-2022 11:03:32**

സെക്ഷൻ ഓഫീസർ